"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- സംസ്ഥാനത്ത് ദേശീയപാത അതോറിറ്റി ഓഫ് ഇൻഡ്യാ(NHAI) നിർമ്മാണ പ്രവർത്തികളുമായി ബന്ധപ്പെട്ട് ഖനനാനുമതി ലഭിക്കുന്നതിന് നിലവിൽ തീർപ്പാക്കാനുള്ള അപേക്ഷകളിലും ഭാവിയിൽ ലഭിക്കുന്ന അപേക്ഷകളിലും ഡ്രോൺ ലിഡാർ സർവ്വേ റിപ്പോർട്ട് സമർപ്പിക്കണമെന്ന കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഇളവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.31/2026/ID തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:-

1. 14.02.2025-ലെ സ.ഉ.(പി) നം. 4/2025/വ്യവ
2. 25.11.2025-ലെ NHAI ചീഫ് ജനറൽ മാനേജർ(Tech) & കേരള റീജിയണൽ ഓഫീസറുടെ 11137/RO-Kerala/State Govt. Correspondence/2098 നമ്പർ കത്ത്.
3. 15.12.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/630/2022-M4 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഖനനാനുമതിക്കായി ക്വാറിയിംഗ് പെർമിറ്റ്, ക്വാറിയിംഗ് ലീസ് അനുമതി നൽകുന്നതിനു മുൻപ് ഡ്രോൺ ലിഡാർ സർവേ നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നുള്ള ഭേദഗതി പരാമർശം 1 ലെ ഉത്തരവ് പ്രകാരം കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ നിലവിൽ വന്നിരുന്നു. ടി കാലഘട്ടത്തിൽ സർക്കാരിന്റെ അഭിമാന പ്രോജക്ടുകൾ ആയ NHAI 66-ന്റെയും, കാലിക്കറ്റ് എയർപോർട്ടിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള മണ്ണിന്റെ ഖനനത്തിനുള്ള പെർമിറ്റുകൾ അടിയന്തിര പ്രാധാന്യത്തോടെ വേഗത്തിൽ തീർപ്പാക്കുന്ന സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ ആദ്യമായി ഡ്രോൺ സർവേ സംവിധാനം നിലവിൽ വരുന്നതിനാൽ ആയതിന്റെ നടത്തിപ്പിനും റിപ്പോർട്ടുകൾ ലഭിക്കുന്നതിനും നിലവിൽ 30 മുതൽ 90 ദിവസം വരെ കാലതാമസം നേരിടുന്നതിനാൽ ടി നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റുമാർക്ക് ടി വിഷയങ്ങളിൽ അനുമതി നൽകുമ്പോൾ തൽക്കാലം ഡ്രോൺ സർവേ റിപ്പോർട്ട് വാങ്ങേണ്ടതില്ല എന്ന് ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. നിലവിലും സമാന സാഹചര്യം നിലനിൽക്കുന്നതിനാൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ അപേക്ഷ പരിഗണിച്ച് NHAI 66, NH-544, NH-744, NH-966, NH-866, NH-85 എന്നിവയുടെയും, എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയുടെ അപേക്ഷ പരിഗണിച്ച് കാലിക്കറ്റ് എയർപോർട്ടിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിലേക്കായി ഡ്രോൺ സർവ്വേ റിപ്പോർട്ട് വാങ്ങേണ്ടതില്ല എന്നും ആയതിന് മുൻപ് നിലവിലുണ്ടായിരുന്ന സംവിധാനങ്ങൾ ഉപയോഗിച്ച് അളവ് തിട്ടപ്പെടുത്തിയാൽ മതിയെന്നും പൂർവകാല പ്രാബല്യത്തോടുകൂടി ഉത്തരവ് ഉണ്ടാകണമെന്നും മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

2).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡ്രോൺ ലിഡാർ സർവേ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ NHAI- 66, NH-544, NH-744, NH-966, NH-866, NH-85 എന്നിവയുടെയും, കാലിക്കറ്റ് എയർപോർട്ടിന്റെയും നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിലേക്കായി, ഡ്രോൺ ലിഡാർ സർവ്വേ റിപ്പോർട്ട് സമർപ്പിക്കണമെന്ന പരാമർശം 1 ലെ ഉത്തരവ് പ്രകാരമുള്ള കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഇളവ് വരുത്തി, 14/02/2025-മുതൽ നടപടി സ്വീകരിച്ച അപേക്ഷകളിലും, നിലവിൽ തീർപ്പാക്കാനുള്ള അപേക്ഷകളിലും, ഭാവിയിൽ ലഭിക്കുന്ന അപേക്ഷകളിലും പ്രസ്തുത പ്രവൃത്തികൾക്ക് മാത്രമായി ഡ്രോൺ ലിഡാർ സർവേ റിപ്പോർട്ട് മുൻകാല പ്രാബല്യത്തോടെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും(മൈനിംഗ് & ജിയോളജി ഡയറക്ടർ മുഖേന)
ചീഫ് ജനറൽ മാനേജർ(Tech) & റീജിയണൽ ഓഫീസർ, NHAI റീജിയണൽ ഓഫീസ്, T.C. 86/1036-1, Ambily Arcade, S.N.N.R.A-9, പേട്ട പി.ഒ., തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 08-01-2026 18:28:43